WEDNESDAY

06.03.2024

ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/03/2024

1. ആകാശവാണി തിരുവനന്തപുരത്തിന്റെ 'വയലും വീടും' പരിപാടിയുടെ ബ്രാൻഡ് സ്പോൺസർമാരായി കേരള കാർഷിക സർവകലാശാല, ഇതുമായി ബന്ധപ്പെട്ട ധാരണ പത്രം കേരള കാർഷിക സർവകലാശാലയും ആകാശവാണി തിരുവനന്തപുരം നിലയവും ഒപ്പുവച്ചു. വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെയും കമ്മ്യൂണിക്കേഷൻ സെന്ററിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ പരിപാടിയിൽ ഓരോ മാസവും കൃഷി അനുബന്ധ വിഷയങ്ങളിലുള്ള രണ്ട് സംപ്രേഷണം വീതം ഒരു കൊല്ലത്തേക്ക് ഒരുക്കും. കാർഷിക മേഖലയിലെ നൂതന സാങ്കേതിക വിദ്യകളും ശാസ്ത്രീയ അറിവുകളും കർഷകർക്ക് ഉപകാരപ്രദം ആവുന്ന വിധം കേരളത്തിലെ മുഴുവൻ ശ്രോതാക്കൾക്കും കേൾക്കാൻ കഴിയുന്ന വിധത്തിലാണ് സംപ്രേക്ഷണം ചെയ്യുക. മാർച്ച് ആദ്യവാരം മുതൽ സംപ്രേക്ഷണം ചെയ്തു തുടങ്ങുന്ന പരിപാടിയിൽ 'ഭക്ഷ്യ സംസ്കരണത്തിലെ നൂതന പ്രവണതകൾ' എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ആദ്യ അവതരണം. 15 ദിവസത്തെ ഇടവേളയിൽ സംപ്രേഷണം ചെയ്യപ്പെടുന്ന ഈ പരിപാടിയിൽ കാർഷിക മേഖലയിൽ ഡ്രോണുകളുടെ ഉപയോഗം, സംയോജിത കൃഷി, സൂക്ഷ്മ ജലസേചന മാർഗങ്ങൾ, യന്ത്രവൽക്കരണം, കൃത്യത കൃഷി, സംരംഭകത്വ സാധ്യതകൾ എന്നീ വിഷയങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.

2. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം

ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. നബാർഡിന്റെ ധന സഹായത്തോടെ മത്സ്യ കർഷകർക്കും സംരംഭകർക്കുമായി 15 ദിവസത്തെ സൗജന്യ പരിശീലനവും തുടർ സഹായങ്ങളും നല്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് യാത്ര ചിലവ്, ഭക്ഷണം, ട്രെയിനിംഗ് സ്റ്റഡി മെറ്റീരിയൽസ്, എന്നിവ ലഭിക്കുന്നതാണ്. പരിശീലനത്തിന്റെ ഭാഗമായി സൗജന്യ പഠനയാത്രയും ഉണ്ടായിരിക്കുന്നതാണ്. ശാസ്ത്രീയ മത്സ്യ കൃഷി, മത്സ്യ ഉല്പന്നങ്ങളുടെ പ്രോസസ്സിംഗ്, മാർക്കറ്റിംഗ്, വിവിധ മൂല്യ വർദ്ധിത ഉല്പപന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള വൈദഗ്ദ്ധ്യ പരിശീലനം. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, പദ്ധതി ആരംഭിക്കുന്നതിനോ വിപുലീകരിക്കന്നതിനോ ആവശ്യമായ സാമ്പത്തിക സഹായം എന്നിവ നബാർഡിൽ നിന്നും സുസ്ഥിര വഴി ലഭ്യമാണ്. പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ശ്രീസ്ഥ റോഡിലുള്ള *സുസ്ഥിര* യിൽ വെച്ചായിരിക്കും പരിശീലനം. തികച്ചും സൗജന്യമായ പരിശീലനവും പദ്ധതിയും പ്രയോജനപ്പെടുത്തുവാൻ അഭ്യർത്ഥിക്കുന്നു. താല്പര്യമുള്ളവർ ഇന്ന് (06-03-2024) രാവിലെ 10 മണിക്ക് സുസ്ഥിരയിൽ എത്തിചേരുക. കൂടുതൽ വിവരങ്ങൾക്ക്-9778638672 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക

4. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണാസ് ഫ്ലൂറസൻസ് (പൊടി ലായനി), ട്രൈക്കോഡർമ, ബ്യൂവേറിയ, ലക്കാനിസിയം, പെസിലോമൈസസ്, ബയോകൺട്രോൾ കോംബി പാക്ക് (പച്ചക്കറി), മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോംബി പാക്ക്, നീം സോപ്പ്, അസോള, വെർമി കമ്പോസ്റ്റ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക്

ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 9747238532, 0487 2699087എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക..

**പരിശീലന പരിപാടി**

5. കേരളാ വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ പൂക്കോട് വെറ്ററിനറി കോളേജ് മൃഗപ്രത്യുല്പാദന-പ്രസവചികിത്സാവിഭാഗം 2024 മാർച്ച് മുതൽ ജൂലൈ വരെ മൂന്ന് ബാച്ചുകളിലായി **ആടുകളിലെ കൃത്രിമബീജാധാനം** (Artificial Insemination in Goats) എന്ന വിഷയത്തിൽ രണ്ടുദിവസത്തെ ശാസ്ത്രീയ-പ്രായോഗിക പരിശീലനം നടത്തുന്നു. യൂണിവേഴ്സിറ്റിയുടെ വയനാടുള്ള പൂക്കോട് സെന്ററിൽ വെച്ചായിരിക്കും പരിശീലനം. ഓരോ ബാച്ചിലും 10 പേർക്കാണ് പ്രവേശനം. പശുക്കളിലെ കൃത്രിമബീജാധാനത്തിൽ പരിശീലനം ലഭിച്ചവർക്കാണ് ഈ പ്രായോഗിക പരിശീലനം നൽകുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 7909292304 എന്ന ഫോൺ നമ്പറിലോ അല്ലെങ്കിൽ lekshmibhai@kvasu.ac.in എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**6.** റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം 2024 മാർച്ച് 11 മുതൽ 15 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**